## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ഇനി ഒരു മണിക്കൂറിന് താഴെ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി ലഭിക്കുന്നുള്ളൂ. ആയതിനാൽ ഒരു പ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി ഉൾപ്പെടെ ഏഴ് മിനിട്ട് മാത്രമാണ് നമുക്ക് ലഭിക്കുന്നത്. അപ്രകാരം ഭേദഗതിയോടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്. സഭയുടെ അനുമതിയോടെ ഭേദഗതി അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ :

(i) 2021 ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 2021-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(i) 2021 ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സംസ്ഥാനത്തിന്റെ കായികാടിസ്ഥാന വികസനവും അതിന്റെ പരിപാലനവും അതോടൊപ്പം സംസ്ഥാനത്ത് കായികരംഗം വളർത്തിയെടുക്കുന്നതിന് നിരവധി പദ്ധതികൾ ഇപ്പോൾ സർക്കാർ ചെയ്തുവരികയാണ്. ഇതിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ടുതന്നെ സംസ്ഥാനത്തിലെ 58-ഓളം സ്റ്റേഡിയങ്ങൾ ജില്ലാതലത്തിലടക്കം നിർമ്മിച്ചുവരികയാണ്. സംസ്ഥാനത്തിലെ കളിസ്ഥലങ്ങളില്ലാത്ത മുഴുവൻ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ

നിർമ്മിക്കുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സർവ്വേകൾ നടന്നുവരികയാണ്. ഈ സാമ്പത്തിക വർഷംതന്നെ ആ കളിക്കളങ്ങളുടെ നിർമ്മാണവും നിലവിൽ കളിസ്ഥലങ്ങളില്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടിയും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ബില്ലിലെ മിക്കകാര്യങ്ങളും സർക്കാർ ചെയ്തുവരുന്നവയാണ്. ഇന്ന് രാജ്യത്തിനുതന്നെ മാതൃകയായിരിക്കുന്ന നമ്മുടെ സംസ്ഥാനം. കായികതാരങ്ങളെ വളർത്തിയെടുക്കാനുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളിൽ കായികം ഒരിനമായി പാഠപുസ്തകങ്ങളിൽ ചേർക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത അദ്ധ്യയനവർഷം മുതൽ അക്കാര്യവും നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളെ അടിസ്ഥാനമാക്കി പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കാനുള്ള നടപടികളും പൂർത്തീകരിച്ചുവരികയാണ്. ഒക്ടോബർ രണ്ടിനുതന്നെ അത്തരത്തിലുള്ള സ്പോർടസ് കൗൺസിലുകൾക്ക് രൂപം നൽകണമെന്ന രീതിയിൽ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയതാണ്.

എന്നാൽ ഈ മാസം തന്നെ അത്തരത്തിലുള്ള നടപടിക്രമങ്ങളും തെരഞ്ഞെടുപ്പും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനൗദ്യോഗിക ബില്ലിന്റെ പരിഗണന ഇപ്പോൾ ആവശ്യമുണ്ടോയെന്നുള്ള കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിൽ പറയുന്ന മിക്കകാര്യങ്ങളും നടപ്പിലാക്കി വരികയാണ്. അതുകൊണ്ടുതന്നെ ഈ ബിൽ പരിഗണിക്കാൻ സാധ്യമല്ലെന്നുള്ള കാര്യം അറിയിക്കുകയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം നിരവധി കാര്യങ്ങൾ കായികമേഖലയിൽ ചെയ്തിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. എങ്കിലും ചില കാര്യങ്ങളിൽ അതിശക്തമായ ഇടപെടൽ അനിവാര്യമായി വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, ദേശീയ ഗെയിംസ് അടക്കമുള്ള നിരവധി മത്സരവേദികൾ കേരളത്തിന് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, അന്താരാഷ്ട്ര നിലവാരത്തിൽ പല സ്റ്റേഡിയങ്ങളെയും ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞെങ്കിലും, വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ അവയുടെ പരിപാലനത്തിലുണ്ടായ കുറവ് ഇന്ന് നാശത്തിന്റെ വഴിയിലേയ്ക്കാണ് നീങ്ങുന്നതെന്ന് നാം കാണാതിരുന്നുകൂടാ.

പുത്തൻ ഉണർവ് നൽകാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകൾ ഉണ്ടെങ്കിൽ പോലും മികച്ച മൈതാനങ്ങൾ ഓരോ കളിക്കാരനിലും ടീമിലും വരുത്തുന്ന മാറ്റങ്ങൾ വളരെ വലുതാണ്. കായിക-വിനോദസഞ്ചാര രംഗത്തും കായിക-മെഡിസിൻ രംഗത്തും ലോകത്തിനുതന്നെ വലിയ സംഭാവന നൽകാൻ കഴിയുന്നൊരു നാടാണ് നമ്മുടേത്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് കായിക എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗവേഷണം ഉൾപ്പെടെ ഇനിയും നടത്തേണ്ടതായിട്ടുണ്ട്. വളരെ അപര്യാപ്തമായൊരു എഞ്ചിനീയറിംഗ് വിഭാഗമാണ് നമുക്കിപ്പോഴുള്ളത്. അത് വിപുലീകരിക്കാനുള്ള നടപടിയും അനിവാര്യമായിട്ടുള്ളതാണ്. കളിസ്ഥലങ്ങൾ പൊതുയിടങ്ങളാണെന്നും അവയ്ക്ക് സാമൂഹ്യമാറ്റങ്ങൾ വരുത്താനും കായികതാരങ്ങളുടെ ഭാവിയും പ്രതീക്ഷയും ഉയർത്തിക്കൊണ്ടുവരാനും കഴിയുമെന്ന തിരിച്ചറിവ് ഉണ്ടാകണം. കായികരംഗത്ത് കേരളത്തെ കഴിഞ്ഞ 5 വർഷക്കാലത്തിനുള്ളിൽ ഒന്നാമത്തെ സംസ്ഥാനമായി ഉയർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മികച്ച പരിശീലനത്തിനും പ്രതിഭയുള്ള കുട്ടികൾക്ക് കളിച്ച് വളരാനും പൊതുജനങ്ങൾക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടാനുമുള്ള

വിപുലമായ സൗകര്യമുണ്ട്. നമ്മുടെ കായികരംഗത്ത് വികസനപരമായ കാഴ്ചപ്പാടോ, നിലപാടോ മുൻപുണ്ടായിരുന്നില്ല. കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് കായികരംഗത്ത് നിലനിന്നിരുന്ന മോശം പ്രവണതകളിൽ മാറ്റം വരുത്തി, അസാമന്യ പ്രതിഭയുള്ള കായികതാരങ്ങളെ കണ്ടെത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ ഒളിമ്പിക്സിൽ മലയാളിയായ ശ്രീജേഷ് നേടിയ വിജയമടക്കം നമുക്കെല്ലാം അഭിമാനം നൽകുന്നതാണ്. എന്നാൽ ഇതിലൂടെ 14 ജില്ലാ സ്റ്റേഡിയങ്ങളും ........

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:സർ,......(മൈക്ക് ഓഫ്)......

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം ഇല്ലായെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അങ്ങിവിടെ സൂചിപ്പിച്ചത് ഹോക്കിയിൽ ശ്രീജേഷിന്റെ നേട്ടം നമ്മുടെ രാജ്യത്തിന് വളരെ അഭിമാനമായിരുന്നു. അത്തരം നേട്ടങ്ങളുണ്ടാകണമെങ്കിൽ തീർച്ചയായും പഞ്ചായത്തുകൾതോറും വലിയ കളിസ്ഥലങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. അതുകൊണ്ട് അങ്ങയുടെ ബില്ലിന് വളരെ പ്രസക്തിയുണ്ട്. നമ്മുടെ പല പഞ്ചായത്തുകളിലും വേണ്ടത്ര കളിസ്ഥലമില്ല. പല കളിസ്ഥലങ്ങളും ഇപ്പോൾ

ഉപയോഗിക്കുന്നത് റവന്യൂ പുറമ്പോക്കുകളായാണ്. ആ സ്ഥലങ്ങളെ സർക്കാർ ഇപ്പോൾ പല ആവശ്യങ്ങൾക്കായി മാറ്റാൻ പോകുകയാണ്. അതിനാൽ നിലവിലുള്ള റവന്യൂ പുറമ്പോക്കുകൾ കളിസ്ഥലങ്ങളായി തന്നെ നിലനിർത്തണമെന്ന ആവശ്യം അങ്ങ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയായൊരു കാര്യം തന്നെയാണ്. നമ്മുടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും ഉൾപ്പെടെ ഏതാണ്ട് 1000 കോടി രൂപയുടെ മുതൽമുടക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇനിയും ആരംഭിക്കാനുള്ള നിരവധി പ്രവൃത്തികളുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ-തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. നല്ലൊരു ഭാവിതലമുറയെ ലോകത്തിന് സംഭാവന ചെയ്യാൻ കായിക സ്കൂളുകളും അക്കാഡമികളും കൂടുതലായി

വരേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിവരുന്ന കളിസ്ഥലങ്ങളുടെ വികസനം .......

മി.ഡെപ്യൂട്ടി സ്പീക്കർ: 12.30-ന് അവസാനിപ്പിക്കണം. ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സ്ത്രീകൾ വീടുകൾക്കുള്ളിൽ ചെയ്യുന്ന ജോലി ത്യാഗനിർഭരവും കഠിനവുമാണ്. പുറത്ത് തൊഴിൽ ചെയ്യുന്ന സ്ത്രീകൾ വാസ്തവത്തിൽ ഇരട്ട ജോലിയാണ് ചെയ്യുന്നത്. സ്ത്രീകളുടെ ഉന്നമനത്തിനും

ക്ഷേമത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി ഒരു വകുപ്പുതന്നെ കേരള സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ രൂപീകരിച്ചു. സ്ത്രീ ശാക്തീകരണത്തിനും ക്ഷേമത്തിനും വേണ്ടി നിരവധി പദ്ധതികൾ എല്ലാ തലത്തിലും ഉറപ്പാക്കിക്കൊണ്ടും അത് കൃത്യമായി ആഡിറ്റ് ചെയ്തുകൊണ്ടുമാണ് കേരളം മുന്നോട്ടുപോകുന്നത്. സ്ത്രീകൾ വീടുകൾക്കുള്ളിൽ ചെയ്യുന്ന ജോലി പലപ്പോഴും ശ്രദ്ധിക്കപ്പെടാതെയോ അംഗീകരിക്കപ്പെടാതെയോ ഒക്കെ പോകുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങനെയുള്ള സ്ത്രീകളെ ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തി അവർക്ക് സഹായം കിട്ടുന്നതിനും അവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള വലിയ ഇടപെടലുകൾ സർക്കാർ ചെയ്യുന്നുണ്ട്.

ഇവിടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത് കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ ആണ്. ഒരു വെൽഫെയർ ബോർഡ് രൂപീകരിക്കുമ്പോൾ ആവശ്യമായ ഘടകങ്ങൾ ഒന്നുംതന്നെ ഇതിലില്ല

എന്നതാണ് പ്രത്യേകമായി ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നത്. ഇത്തരത്തിലൊരു വെൽഫെയർ ബോർഡ് രൂപീകരിക്കുമ്പോൾ അതിലൊരു എംപ്ലോയർ വേണം, അതിലൊരു എംപ്ലോയി വേണം. ആ രീതിയിലൊരു റിലേഷൻ എസ്റ്റാബ്ലിഷ് ചെയ്യണം. വീട്ടമ്മമാരുടെ കാര്യത്തിൽ ആരാണ് എംപ്ലോയർ? എല്ലാ വെൽഫെയർ ബോർഡുകളും ഏതെങ്കിലും തരത്തിലുള്ളൊരു കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റായി കണക്കാക്കേണ്ടതാണ്. പക്ഷേ, കുടുംബമൊരു കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റല്ല, സാമൂഹികമായും സാംസ്കാരിവുമായല്ല. ഇനി അഥവാ അങ്ങനെ കരുതിയാലും സ്റ്റാറ്റ്യൂട്ടറി എസ്റ്റാബ്ലിഷ്മെന്റ് ആകുന്നുമില്ല. Employer-Employee-Government-Any Other Source ഇങ്ങനെയാണ് വെൽഫെയർ ഫണ്ടുണ്ടാകുന്നത്. ഇവിടെ അതിനൊന്നും സാധ്യതയില്ല. ഈ ഘടകങ്ങൾ പരിശോധിച്ചാൽ വീട്ടമ്മമാർക്കുള്ള ക്ഷേമനിധി രൂപീകരണമെന്നാണ് പറഞ്ഞിരിക്കുന്നത്. സ്ത്രീകളെ വീട്ടമ്മമാർ എന്നുള്ള നിലയിൽ പരിമിതപ്പെടുത്തേണ്ടതില്ല. സ്ത്രീ ശാക്തീകരണ പ്രക്രിയയുടെ ലക്ഷ്യംതന്നെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നിർമ്മിതിയിൽ സ്ത്രീകളെ പങ്കാളികളാക്കുക എന്നുള്ളതാണ്. നേതൃത്വത്തിലേയ്ക്ക് അവരെ

കൊണ്ടുവരിക എന്നുള്ളതാണ്. അതുകൊണ്ടാണ് അവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. അവർക്ക് സ്വയം തൊഴിൽചെയ്യുന്നതിനുള്ള കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളിലൊക്കെ എത്ര മാതൃകാപരമായിട്ടാണ് നമ്മൾ വായ്പകൾ ഉൾപ്പെടെ നൽകിക്കൊണ്ട് സ്വയം സംരംഭകത്തിലേയ്ക്ക് അവരെ കൊണ്ടുവരുന്നത്. സ്ത്രീകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം എന്നിവ കൊടുക്കുകയാണ് വേണ്ടത്. ആ രീതിയിലേയ്ക്ക് അവരെ പരിമിതപ്പെടുത്തുന്നത് ശരിയല്ല എന്നുള്ളതുതന്നെയാണ് അഭിപ്രായം. അതുമാത്രമല്ല, സ്ത്രീകളുൾപ്പെടെ എല്ലാ മേഖലയിലും ജോലി ചെയ്യുന്നവർക്കുവേണ്ടിയും വിവിധ ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. സ്ത്രീകൾക്ക് മാത്രമായിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്ന പദ്ധതികളുണ്ട്. ഈ സാഹചര്യത്തിൽ സാമൂഹികമായും സാംസ്കാരികമായും ലിംഗസമത്വം നടപ്പിലാക്കുമ്പോൾ നിയമപരമായൊക്കെ ഈ ഘടകങ്ങൾ പരിശോധിച്ചാൽ ഇങ്ങനെയൊരു ബിൽ നിലനിൽക്കുന്നതല്ല. അതുകൊണ്ട് തന്നെ സർക്കാരിനെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്കുവേണ്ടി സ്ത്രീപക്ഷനിലപാടുള്ള സർക്കാരാണിത്. അതുകൊണ്ടുതന്നെയാണ് വകുപ്പ് രൂപീകരിച്ച് നമ്മൾ

മുന്നോട്ടുപോകുന്നത്. പക്ഷേ, ഈ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഈ രീതിയിൽ നിലനിൽക്കുന്നതല്ല എന്നുതന്നെയാണ് സർക്കാർ കാണുന്നത്.

(ii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ പ്രമേയം അവതരിപ്പിച്ച് തീരുന്നമുറയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനുള്ള ഒരു വ്യക്തത വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തെ വീട്ടമ്മമാരുടെ സേവനം തൊഴിലായി കണക്കാക്കാത്തതും അതുകൊണ്ട് തന്നെ അവരുടെ സേവനത്തിന്റെ മൂല്യം തിട്ടപ്പെടുത്താനാവാത്തതുമാണ്. സമൂഹത്തിൽ വീട്ടമ്മമാരുടെ സേവനത്തിന് അർഹിക്കുന്ന രീതിയിൽ വേണ്ടത്ര പരിഗണന ലഭിക്കുന്നുണ്ടോയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. അവരുടെ ഏതൊരാവശ്യത്തിനും ഭർത്താവിന്റെയോ മക്കളെയോ ആശ്രയിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. പലപ്പോഴും സാമ്പത്തിക പ്രശ്നങ്ങൾമൂലം കുടുംബങ്ങളിൽ ഏറ്റവുമധികം ദുരിതമനുഭവിക്കുന്നതിനും കുടുംബങ്ങളിൽ മാറ്റിവയ്ക്കപ്പെടുന്ന ആവശ്യങ്ങളും അവസാനം വീട്ടമ്മമാരുടേതാണ്. പ്രസ്തുത നിലയിൽ മാറ്റം വരുത്തി പ്രതിമാസം ഒരു നിശ്ചിതതുക വീട്ടമ്മമാരുടെ

ക്ഷേമത്തിനും ചികിത്സയ്ക്കും മറ്റ് അടിയന്തരാവശ്യങ്ങളും നിറവേറ്റുന്നതിനുവേണ്ടി ക്ഷേമനിധി രൂപീകരിക്കുക എന്നതാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. 'രാക്കുയിലിൻ രാജസദസ്സിൽ' എന്ന സിനിമയിൽ ശ്രീ. എസ്. രമേശൻ നായർ രചിച്ച് ശ്രീ. കെ. ജെ. യേശുദാസ് പാടിയ പാട്ടുതന്നെ വീട്ടമ്മമാരെയും കുടുംബിനികളെയും പ്രകീർത്തിച്ചുകൊണ്ടുള്ളതാണ്.

"പൂമുഖവാതിൽക്കൽ
സ്നേഹം വിടർത്തുന്ന
പൂന്തിങ്കളാകുന്നു ഭാര്യ
ദുഖഃത്തിൻ മുള്ളുകൾ
ഉള്ള വിരൽ തുമ്പിനാൽ
പുഷ്പങ്ങളാക്കുന്നു ഭാര്യ
എത്ര തെളിഞ്ഞാലും എണ്ണ വറ്റാത്തൊരു
ചിത്രവിളക്കാണ് ഭാര്യ
എണ്ണിയാൽ തീരാത്ത ജന്മാന്തരങ്ങളിൽ
അന്നദാനേശ്വരി ഭാര്യ

ഭൂമിയേക്കാളും ക്ഷമയുള്ള

സൗഭാഗ്യദേവയാണെപ്പോഴും ഭാര്യ

മന്ദസ്മിതങ്ങളാൽ നീറും മനസ്സിനെ

ചന്ദനം ചാർത്തുന്ന ഭാര്യ

കണ്ണുനീർ തുള്ളിയിൽ മഴവില്ല് തീർക്കുന്ന

സ്വർണ്ണ പ്രഭാമയി ഭാര്യ

കാര്യത്തിൽ മന്ത്രിയും

കർമ്മത്തിൽ ദാസിയും

രൂപത്തിൽ ലക്ഷ്മിയും ഭാര്യ" എന്ന് പറഞ്ഞവസാനിപ്പിക്കുന്നു.

ഇത്തരത്തിൽ നമ്മുടെ ഭാര്യമാരേയും കുടുംബിനികളേയും പ്രകീർത്തിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. പക്ഷേ, ഇതൊക്കെ പാടി വീട്ടമ്മമാരെ പുകഴ്ത്തുകയും അതോടൊപ്പം തന്നെ വീട്ടമ്മമാരുടെ കഷ്ടപ്പാട് എന്ന് പറയുന്നത് ......

ശ്രീമതി കെ. കെ. രമ: സർ, എന്റെ അഭിപ്രായത്തിൽ, വീട്ടമ്മമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുക എന്നുപറയുന്നത് അങ്ങേയറ്റം

സ്ത്രീവിരുദ്ധമായൊരു നിലപാടാണ്. ഈ കവിതയിൽ പോലും തികച്ചും സ്ത്രീവിരുദ്ധമായൊരു നിലപാടാണ് കാണുന്നത്. സ്ത്രീകളെ വീട്ടുജോലിയിൽനിന്നും മോചിപ്പിക്കുകയാണ് നമുക്കാവശ്യം. സ്ത്രീകൾക്ക് വീട്ടുജോലി കഴിഞ്ഞ് മറ്റൊന്നിനും സമയമുണ്ടാകുന്നില്ല. തങ്ങളുടെ ബുദ്ധി വികസിപ്പിക്കാൻ, ഇഷ്ടപ്പെട്ട ഒരു വിനോദത്തിലേർപ്പെടാൻ, തങ്ങൾക്കാവശ്യമായ ഒരു നല്ല പുസ്തകം വായിക്കാൻപോലും ഒരു സ്ത്രീക്ക് അവസരമുണ്ടാകുന്നില്ല. 24 മണിക്കൂറും ഒരു സ്ത്രീയെ അടുക്കളയിൽ തളച്ചിടുകയാണ്. അതുകൊണ്ട് പൊതുഅടുക്കള എന്ന മാനദണ്ഡമാണ് നാം വയ്ക്കേണ്ടത്. ഇത്തരത്തിലൊരു ക്ഷേമനിധിയുടെ ആവശ്യമില്ല. ക്ഷേമനിധി വന്നാൽ സ്ത്രീകൾ വീണ്ടും വീട്ടുജോലിൽ തളച്ചിടപ്പെടുന്നൊരു അവസ്ഥയുണ്ടാകും. അതൊരു കാരണവശാലും നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ഇത് തികച്ചും സ്ത്രീ വിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായം. അത്തരത്തിലുള്ള പൊതുനിലപാടിലേയ്ക്ക് നമ്മുടെ സഭയുൾപ്പെടെ വരേണ്ടതാണ്. ഇത്തരത്തിലുള്ള പ്രാകൃതമായ നിലപാടിലേയ്ക്ക് നമ്മുടെ സമൂഹം പോകുന്നത് തീർച്ചയായും അനുവദനീമല്ല എന്നുതന്നെയാണ് എനിക്ക് ഇക്കാര്യത്തിലുള്ള അഭിപ്രായം.

ശ്രീ. എൻ. ഷംസുദ്ദീൻ:......(മൈക്ക് ഓഫ്)......

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:......(മൈക്ക് ഓഫ്)......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിമാണ് സംസാരിക്കുന്നത്. ശ്രീ. എൻ.ഷംസുദ്ദീൻ ഇരിക്കൂ. ശ്രീ. ടി. വി. ഇബ്രാഹിം സംസാരിക്കൂ. (....ബഹളം...... ) ഇല്ല... ശ്രീ. ടി. വി. ഇബ്രാഹിം എൽദോസ് പി. കുന്നപ്പിള്ളിക്ക് വഴങ്ങിയിട്ടില്ല. (....ബഹളം...... ) പ്ലീസ്.... പ്ലീസ്....

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അമ്മയെന്ന പദത്തിന് ഒരുപാടൊരുപാട് അർത്ഥങ്ങളുണ്ട്. ശ്രീ. ടി. വി. ഇബ്രാഹിം (....ബഹളം...... )......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിമിന്റെ സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു. പ്ലീസ്... ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇരിക്കൂ.... (മൈക്ക് ഓഫ്) ശ്രീ.ടി. വി. ഇബ്രാഹിം സമയപരിധിയുണ്ട്. അങ്ങ് വഴങ്ങാൻ പാടില്ലായിരുന്നു. സഭ 12.30-ന് പിരിയേണ്ടതുണ്ട്. അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

ശ്രീ. സി. ആർ. മഹേഷ്: സർ, 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

## (iii) 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട സി. ആർ. മഹേഷ് ഇവിടെ കൊണ്ടുവന്നിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങൾക്ക് പെൻഷൻ ബോർഡ് രൂപീകരിക്കണമെന്നും അതുപോലെ പെൻഷൻ അനുവദിക്കണം എന്നുമുള്ള ഈ ആവശ്യം കുറേക്കാലങ്ങളായി സർക്കാരിന്റെ മുമ്പിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഞാൻ തന്നെ 1996-ൽ

സമാന ആവശ്യത്തിന് സഭയിൽ മറുപടി പറഞ്ഞത് ഓർത്തുപോകുകയാണ്. കുറെക്കാലമായി നമ്മുടെ മുൻപഞ്ചായത്ത് അംഗങ്ങൾക്കുവേണ്ടി പെൻഷൻ ഏർപ്പെടുത്തണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ ഈ വിഷയം പരിശോധിച്ചിട്ടുണ്ട്. 2012 സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി വരുന്ന സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള വിവരങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. 1962 മുതലുള്ള മുൻഅംഗങ്ങൾക്ക് പ്രതിമാസം 500/- രൂപ പെൻഷൻ നൽകുന്നതിനുള്ള ഏകദേശം 40,07,88,000/- രൂപ വരുമെന്നാണ് 2012-ൽ കണക്കാക്കിയത്. അതിനുശേഷം നിരവധി അംഗങ്ങൾ മുൻമെമ്പർമാർ ആയി മാറിയിട്ടുണ്ട്. 13/02/2014-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായി അഞ്ച് വർഷം പൂർത്തിയാക്കിയ അറുപത് വയസ്സ് കഴിഞ്ഞ മറ്റൊരു പെൻഷനും ലഭിക്കാത്ത മുൻജനപ്രതിനിധികൾക്ക് ചില ഉപാധികളോടുകൂടി 1,000/- രൂപ നിരക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവരുടെ തനത് ഫണ്ടിൽനിന്നും പെൻഷൻ അനുവദിക്കുകയെന്ന ആശയവും പരിഗണനയിൽ വന്നു. ഇതിൽ സാമ്പത്തിക ബാധ്യത കുറവാണ്. അതിൻപ്രകാരം 09/03/2016-ൽ

മന്ത്രിസഭ അത് പരിഗണിക്കുകയും അതിനുശേഷം അത് നിരസിക്കുകയുമാണ് ഉണ്ടായത്. അതുപോലെ തന്നെ ബഹുമാനപ്പെട്ട അംഗം കരട് ബില്ലിന്റെ 5-ാം ഖണ്ഡികയിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ അടയ്ക്കേണ്ട വിഹിതത്തെ സംബന്ധിച്ച് പറയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് 100/- രൂപയും ബ്ലോക്ക് പഞ്ചായത്ത് 200/- രൂപയും ജില്ലാ പഞ്ചായത്ത് 300/- രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ 400/- രൂപയും അടയ്ക്കണമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ രീതിയിലുള്ള ബാധ്യത ഉണ്ടാക്കുന്നതാണ്. അതുപോലെ തന്നെ ബഹുമാനപ്പെട്ട അംഗം സമർപ്പിച്ചിരിക്കുന്ന ബില്ലിൽ പറഞ്ഞിരിക്കുന്നത് നിലവിൽ ആകെ 20,000 പേരാണ് നിലവിലെ അംഗങ്ങളെന്നും അതിന് 10 കോടി രൂപ ചെലവ് വരുമെന്നും പറയുന്നുണ്ട്. ഇത് ശരിയല്ലെന്നാണ് കാണുന്നത്. കാരണം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് നിലവിൽ 21,900 മണ്ഡലങ്ങളാണ്/വാർഡുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ളത്. ഇത് അടിസ്ഥാനമാക്കി പെൻഷൻ കൊടുക്കാൻ

തീരുമാനിച്ചാൽ വലിയ രീതിയിലുള്ള ബാധ്യതയുണ്ടാകും. നിലവിൽ മുൻ അംഗങ്ങൾ എത്രയെന്ന് കണക്കാക്കേണ്ടി വന്നുകഴിഞ്ഞാൽ അത് മുഴുവൻ ആളുകൾക്കും കൊടുക്കേണ്ടിവരുന്ന വലിയൊരു സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടി വരും. 2020-ന്റെ രണ്ടാം പാദം മുതൽ രാജ്യം മുഴുവൻ കോവിഡ് അതുപോലെ തന്നെ മറ്റു രീതിയിലുള്ള പ്രതിസന്ധികൾ നേരിട്ടുക്കൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിൽ നമ്മൾ വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നത് ഉചിതമായിരിക്കില്ലെന്ന് കൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കോവിഡ് 19-ന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വലിയ രീതിയിലുള്ള പ്രവർത്തനമാണ് നമ്മുടെ പഞ്ചായത്തുകളെല്ലാം ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ കൂടെ ഇതുപോലുള്ള സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നത് ഈ കാലഘട്ടത്തിൽ ശരിയാകുമെന്ന് തോന്നുന്നില്ല. ഇത്തരം സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്നതിന് ഇപ്പോൾ ശ്രമിക്കുന്നത് ഉചിതമാകില്ല. നമുക്ക് സാമ്പത്തിക സ്ഥിതിയൊക്കെ മെച്ചമാകുന്ന സന്ദർഭത്തിൽ അത്

ആലോചിക്കാവുന്നതാണ്. രണ്ട് പ്രാവശ്യമാണ് ഞാൻ ഇതിന് മറുപടി പറയുന്നത്. 1996-ൽ മന്ത്രിയായിരുന്ന സമയത്തും പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ നൽകാനുള്ള വിഷയവുമായി ബന്ധപ്പെട്ട് നൽകിയ അതേ മറുപടിയാണ് ഏകദേശം ഇപ്പോഴും പറയുന്നത്. കോവിഡ് പശ്ചാത്തലത്തിൽ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള സാഹചര്യം മറികടന്ന് നല്ലൊരു സാഹചര്യത്തിലേയ്ക്ക് വരുന്ന സന്ദർഭത്തിൽ പരിശോധിച്ച് പോകാൻ കഴിയുന്നതാണ്. 21,900 ഇപ്പോൾ ത്രിതല പഞ്ചായത്ത് സംവിധാനത്തിലുള്ളത്. മുൻപ് 1962 മുതൽ പഞ്ചായത്ത് അംഗങ്ങളായിരുന്നവരുടെ കണക്ക് കൃത്യമായി കണക്കാക്കിയിട്ടില്ല. അതുകൂടി കണക്കാക്കുമ്പോൾ വലിയ രീതിയിലുള്ള എണ്ണമാണ് വരുന്നത്. പഞ്ചായത്ത് മെമ്പർമാരോടുള്ള അവഗണന കൊണ്ട് പറയുന്നതല്ല. വലിയ രീതിയിലുള്ള പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ നമ്മൾ അത്തരം കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുന്നത് ഉചിതമായിരിക്കില്ലെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്.

## (iii) 2021-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ ബോർഡ് രൂപീകരണ ബിൽ

ശ്രീ. സി. ആർ. മഹേഷ്: സർ, അങ്ങയുടെ മറുപടി വീണ്ടും പ്രതീക്ഷ നൽകുന്നതാണ്. ഏറെക്കാലമായി ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഒരുപക്ഷേ പതിനായിരക്കണക്കിന് ആളുകൾ പ്രതീക്ഷയോടുകൂടി ഇരിക്കുകയുമാണ്. കൊടുക്കുന്ന തുകയുടെ വലിപ്പമല്ല. ഇത് ഇവരെ സംബന്ധിച്ച് ഒരു അവാർഡ് ആണ്, ഒരു അംഗീകാരമാണ്. നമ്മുടെ ജനാധിപത്യ സമ്പ്രദായത്തിൽ ഏറ്റവും താഴെത്തട്ടിൽ, ഏറ്റവും സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് ത്രിതല പഞ്ചായത്ത് അംഗങ്ങൾ. ജനങ്ങൾക്ക് വളരെ പെട്ടെന്ന് സമീപിക്കാൻ പറ്റുന്ന ഒരു വിഭാഗവും പഞ്ചായത്ത് അംഗങ്ങളാണ്. ജനകീയാസൂത്രണത്തിന്റെ ആഘോഷങ്ങൾ വളരെ വിപുലമായി സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുമ്പോൾ ഇത് ഫലപ്രദമായി നടപ്പിലാക്കാൻ മുമ്പിൽ നിന്നത് പഞ്ചായത്ത് അംഗങ്ങളാണ്. നാട്ടിലെ മുഴുവൻ വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത് പഞ്ചായത്ത് അംഗങ്ങളാണ്. മാത്രവുമല്ല കോവിഡിന്റെ പശ്ചാത്തലത്തിൽ യാതൊരു തരത്തിലുമുള്ള

പ്രതിഫലവും വാങ്ങിക്കാതെ ആശാവർക്കർമാരെപ്പോലെ ഏറ്റവും താഴെത്തട്ടിൽ സ്വന്തം ജീവൻ പോലും പണയം വച്ചുകൊണ്ട് പഞ്ചായത്ത് അംഗങ്ങൾ നടത്തിയിട്ടുള്ള സേവനം മുഖവിലയ്ക്ക് എടുക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇത് ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലാണ്. പഞ്ചായത്ത് അംഗങ്ങൾക്കും മുൻപഞ്ചായത്ത് അംഗങ്ങൾക്കും വേണ്ടി നാൽപത് കോടി രൂപ വിനിയോഗിക്കുമെന്ന് ഗവൺമെന്റ് പറയുന്നു. അത് വിനിയോഗിക്കണം. പാവപ്പെട്ട പഞ്ചായത്ത് അംഗങ്ങൾക്ക് ലഭിക്കുന്ന വലിയ ഒരു അംഗീകാരമെന്ന രീതിയിൽ ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിക്കുന്ന ഈ ബില്ലിന് പ്രസക്തിയുണ്ട്. നമ്മൾ എത്രമാത്രം പണം വെറുതെകളയുന്നുണ്ട്. നമുക്ക് ടാക്സുകൾകൂട്ടി പലരീതിയിൽ വിനിയോഗിക്കുമ്പോൾ ഈ പാവപ്പെട്ട പഞ്ചായത്ത് മെമ്പർമാർക്ക് വേണ്ടി നടപ്പിലാക്കാൻ പോകുന്ന .......(മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ആർ. മഹേഷ് സമയം നീട്ടിക്കിട്ടില്ല.

ശ്രീ. സി. ആർ. മഹേഷ്: സർ, ഇക്കൂട്ടത്തിൽ പരിശോധിച്ചാൽ വൃദ്ധരായിട്ടുള്ള ആളുകൾ, വളരെ അവശത അനുഭവിക്കുന്നവർ, വിധവകൾ, വനിതകൾ, രോഗികൾ അങ്ങനെ അവശത അനുഭവിക്കുന്നവർ വരെ

ഉണ്ടാകാം. ഇങ്ങനെ അഞ്ച് വർഷക്കാലം നിസ്വാർത്ഥമായി ജനങ്ങളെ സേവിച്ചതിനുശേഷം ഇപ്പോൾ ജീവിതത്തിന്റെ സായാഹ്നത്തിൽ മരുന്നിനുപോലും മാർഗ്ഗമില്ലാതെ വിഷമിക്കുന്ന പതിനായിരക്കണക്കിന് ആളുകളുണ്ട്. അതുകൊണ്ട് അടിയന്തരമായി ഈ വിഷയം കണ്ടെന്ന് നടിച്ച് കൂടുതൽ ചർച്ചയ്ക്ക് വയ്ക്കേണ്ടതാണ്. കേരളത്തിലെ പതിനായിരക്കണക്കിന് മുൻപഞ്ചായത്ത് അംഗങ്ങൾ സർക്കാരിനുമുന്നിൽ പ്രതീക്ഷയോടുകൂടി ഇരിക്കുകയാണ്. ഈ ബിൽ തീർച്ചയായും തുടർ ചർച്ചയ്ക്ക് വയ്ക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സി. ആർ. മഹേഷിന്റെ പ്രസംഗത്തിന്റെ സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

## (iv) <u>2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ ബഹുമാനപ്പെട്ട അംഗം ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ അവതരിപ്പിച്ച അനൗദ്യോഗിക ബിൽ ഗവൺമെന്റ് നല്ലതുപോലെ പരിശോധിച്ചതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്, അയ്യങ്കാളി നഗര തൊഴിലുറപ്പ് എന്നീ പദ്ധതികളുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പെൻഷനും ക്ഷേമനിധിയും കൊടുക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ചിരുന്നു. അതുകൊണ്ടാണ് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ ഈ സഭാസമ്മേളനത്തിൽത്തന്നെ അവതരിപ്പിച്ചത്. അത് സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ ചർച്ചയ്ക്കുശേഷം ആക്ട് ആക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം സംസ്ഥാനത്ത് തൊഴിലെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കുമായുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

അവതരിപ്പിച്ചത്. പ്രസ്തുത ബില്ലിലെ 8 മുതൽ 25 വരെയുള്ള വകുപ്പുകളിൽ ബോർഡിന്റെ രൂപീകരണ പ്രവർത്തനങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അവതരണാനുമതി ലഭിച്ച 36-ാം നമ്പർ അനൗദ്യോഗിക ബില്ലായ 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിൽ പറയുന്ന കാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെന്റുതന്നെ ഔദ്യോഗികമായി ഒരു ബിൽ അവതരിപ്പിക്കുകയും അത് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് നിയമമാക്കാൻവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. ആ കാരണത്താൽ ഇവിടെ അവതരിപ്പിച്ച ഈ ബിൽ തുടർന്ന് മുന്നോട്ടുകൊണ്ടുപോകേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഇതിന് സമാനമായ, ഏറ്റവും പ്രസക്തമായ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് നിയമമാക്കാൻവേണ്ടി ഗവൺമെന്റ് പോകുകയാണ്. അതുകൊണ്ട് ഈ അനൗദ്യോഗിക ബിൽ ചർച്ചയ്ക്കെടുക്കേണ്ട ആവശ്യമില്ലെന്നാണ് കരുതുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2021-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലും

ഗവൺമെന്റ് ബില്ലും വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ ഈ രണ്ടും ബില്ലുകളും സമാനസ്വഭാവമുള്ളതല്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രത്യേകത. ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിൽ സ്വകാര്യ ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുത്തി ആ ബിൽ ശക്തിപ്പെടുത്തണമെന്നാണ് എന്റെ ആവശ്യം. ഇന്ത്യയിൽ ഏകദേശം കോടിക്കണക്കിന് തൊഴിലാളികൾ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് നിൽക്കുന്നുണ്ട്. കേരളത്തിൽ 27 ലക്ഷത്തോളം തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. യു.പി.എ. സർക്കാരിനെ പിന്തുണയ്ക്കാൻ ഇടതുപക്ഷം കൊണ്ടുവന്ന ഏറ്റവും പ്രധാനപ്പെട്ട ഡിമാന്റുകളിലൊന്നായിരുന്നു ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രശ്നമെന്ന് നമുക്കെല്ലാം അറിയാം. അന്ന് മിനിമം കോമൺ പരിപാടിയിൽ വളരെ കൃത്യമായി പറഞ്ഞു. To enhance the welfare and well being of farmers, farm labour and workers, particularly those in the unorganised sector and assure a secure future for their families in every respect. എല്ലാ അർത്ഥത്തിലും ശക്തിപ്പെടുത്താനുള്ള ഒരു പദ്ധതി എന്നുള്ള നിലയ്ക്കാണ് 2005-ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇവിടെ ആരംഭിച്ചത്. ആ പദ്ധതി

ആരംഭിക്കുന്നതിനുള്ള മെച്ചങ്ങൾ വളരെ വലുതാണ്. നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ടപോലെ സ്ത്രീകളുടെ ഉന്നമനം പ്രധാനപ്പെട്ട ലക്ഷ്യമാണ്. അവർക്ക് അന്തസ്സോടുകൂടി, അഭിമാനത്തോടുകൂടി ജീവിക്കാൻ കഴിയുന്ന ഒരു തൊഴിലുണ്ടാകുകയും അവർക്ക് സമൂഹത്തിലൊരു മാന്യതയുണ്ടാകുന്ന അർത്ഥത്തിൽ അതോടൊപ്പം അവർക്ക് വീടുകളിൽ, ഇന്നലെവരെ പുരുഷൻമാർ മാത്രം പണം സമ്പാദിച്ച് അവർ പറയുന്നതുമാത്രം കേൾക്കുന്ന അഭിപ്രായത്തിൽനിന്നും വ്യത്യസ്തമായി സ്ത്രീകളുടെകൂടി വലിയരീതിയിലുള്ള ഒരു പങ്ക് കുടുംബത്തിന് നിർവ്വഹിക്കാൻ കഴിയുന്ന രീതിയിൽ കാര്യങ്ങൾ മാറി. തൊഴിലുറപ്പിന്റെ പരിപാടി ശക്തിപ്പെട്ടുവന്നപ്പോൾ വേണ്ടവിധത്തിൽ ഇത് മുമ്പോട്ടുപോകാൻ ഗവൺമെന്റ് ശ്രദ്ധിക്കാത്ത ഒരു സ്ഥിതിയുണ്ട്. അതോടൊപ്പം ഇതിൽ ഉൾപ്പെട്ട തൊഴിലാളികൾക്കുണ്ടാകുന്ന നിരവധിയായ വിഷയങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത വിഷയവുമുണ്ട്. കഴിഞ്ഞ വർഷം എന്റെ നാട്ടിലുണ്ടായ ഒരു പ്രധാനപ്പെട്ട വിഷയംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവിടെ ഗ്രാമീണ തൊഴിലുറപ്പിൽ പണി ചെയ്ത രണ്ടുപേർ, കാരയിൽ പത്മാക്ഷി, തങ്കമണി എന്നുപറയുന്ന രണ്ടുപേർ തൊഴിലുറപ്പിൽ പണിയെടുക്കുന്ന സമയത്താണ്.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. ബിൽ തുടർചർച്ചയ്ക്ക് മാറ്റി വയ്ക്കാം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഈ വാചകം കംപ്ലീറ്റ് ചെയ്തിട്ട് ഞാൻ അവസാനിപ്പിക്കാം. ഇവർ പണിയെടുക്കുന്ന സമയത്താണ് തെങ്ങ് തലയിൽവീണ് മരണപ്പെടുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമനിധിയും മറ്റ് കാര്യങ്ങളും നൽകാൻവേണ്ടിയാണ് സഭയിൽ ആ ബിൽ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടത്. അത് തിരിച്ചുവന്നിട്ടുണ്ട്. അത് ഈ സമ്മേളനത്തിൽത്തന്നെ ആക്ടാക്കി മാറ്റുകയാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ ബില്ലിന് തുടർച്ച ചർച്ചയ്ക്കുള്ള സാധ്യത വേണ്ട. അദ്ദേഹം ചർച്ച അവസാനിപ്പിക്കുന്നതാകും ഉചിതം.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയെങ്കിൽ ചർച്ച അവസാനിപ്പിക്കൂ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ ചർച്ച അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (v) 2021-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2021-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ടി. ഐ. മധുസൂദനൻ അവതരിപ്പിച്ചിരിക്കുന്ന ഈ അനൗദ്യോഗിക ബിൽ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം

നിയന്ത്രിക്കാൻ വേണ്ടിയുള്ളതാണ്. ഇപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്ത് ആരാധനാലയങ്ങളോടുചേർന്ന് അനാരോഗ്യകരമായ സംഘം ചേരൽ, മതം, വംശം, ജനനസ്ഥലം, വാസസ്ഥലം, ഭാഷ എന്നിവയിൽ അത് തമ്മിൽ ശത്രുത പുലർത്തി സൗഹൃദാന്തരീക്ഷം തകർക്കുന്ന കൃത്യംചെയ്യുന്നതോ ഏതെങ്കിലും ഘോഷയാത്രയിലോ മറ്റുപരിപാടികളിലോ ആയുധങ്ങൾ വഹിക്കുന്നതും ആയുധത്തോടുകൂടിയ കായിക പരിശീലനം, കായിക അഭ്യാസം എന്നിവ നടത്തുകയോ പങ്കെടുക്കുകയോ ചെയ്യുന്നതിനെതിരെ ഇൻഡ്യൻ ശിക്ഷാ നിയമം 142 മുതൽ 151 വരെയും 153, 295, 296, 297, 298, 505 എന്നിവയിലേയും വിവിധ വകുപ്പുകൾപ്രകാരം നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. കേരള പോലീസ് ആക്ട് 73, 74, 75 വകുപ്പുകൾ പ്രകാരം കായികപരിശീലനം നിയന്ത്രണം, മാസ്ഡ്രിൽ തുടങ്ങിയവയും നിരോധിക്കുന്നതിനുള്ള അധികാരം തുടങ്ങിയവയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ടി. ഐ. മധുസൂദനൻ അവതരിപ്പിച്ചിരിക്കുന്ന അനൗദ്യോഗിക ബില്ലായ ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ സംഘടനാ പ്രവർത്തനം

നിയന്ത്രിക്കൽ ബിൽ പരിഗണിക്കേണ്ടതില്ല എന്നാണ് ഗവൺമെന്റിനുവേണ്ടി പറയാനുള്ളത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ആരാധനാലയങ്ങൾ സുരക്ഷിതമായി വിശ്വാസികൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ ഇടപെടലുകൾ ശ്ലാഘനീയമാണ്. 2021 ജൂലൈ 19-ന് വിശ്വഹിന്ദു പരിഷത്തിന്റെ ദേശീയസമിതി യോഗംചേർന്ന് ഗവൺമെന്റിനോട് നടത്തിയിട്ടുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ബിൽ ഞാൻ അവതരിപ്പിക്കുന്നത്. ക്ഷേത്രങ്ങളിലും മഠങ്ങളിലും ഗവൺമെന്റിന്റെ നിയന്ത്രണം ഒഴിവാക്കുന്നതിന് കേന്ദ്ര നിയമമുണ്ടാകണമെന്നാണ് ആ ഡിമാന്റിൽ അവർ ഉന്നയിക്കുന്നത്. അതിൽ അവർ പ്രത്യേകമായി പരാമർശിക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. അതോടൊപ്പം തമിഴ്നാട്, കർണ്ണാടകം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളുമുണ്ട്. കേന്ദ്ര ഗവൺമെന്റ് ഗൗരവപൂർവ്വം ഇടപെട്ട് ആരാധനാലയങ്ങൾ ഹിന്ദുമത സംഘടനകൾക്ക് കൈമാറണമെന്ന നിലയിലാണ് വിശ്വഹിന്ദു പരിഷത്ത് ആവശ്യപ്പെടുന്നത്. പൂജാരിയെ നിശ്ചയിക്കാൻ ഗവൺമെന്റിന് എന്ത് അധികാരമാണുള്ളതെന്നും പൂജാദികാര്യങ്ങൾ നിർണ്ണയിക്കേണ്ടത്

ഗവൺമെന്റല്ലെന്നുള്ള നിലയിൽ കേരളത്തെക്കൂടി പരാമർശിച്ചുകൊണ്ടും വിശ്വഹിന്ദു പരിഷത്ത് അംഗീകരിച്ചിട്ടുള്ള പ്രമേയത്തിൽ പറയുന്നുണ്ട്. ഈ ബില്ലിലൂടെ സമർപ്പിക്കാനുദ്ദേശിക്കുന്നത്, ഓരോ ആരാധനാലയവും എപ്പോഴും വിശ്വാസികൾക്ക് സ്വന്തമായി നിലനിൽക്കണമെന്ന കാഴ്ചപ്പാടിനെ അടിസ്ഥാനപ്പെടുത്തിയാണ്. കേരളത്തിലെ ആരാധനാലയങ്ങളിൽ ഭൂരിപക്ഷ-ന്യൂനപക്ഷ വിഭാഗങ്ങളെല്ലാം ഉൾപ്പെടുന്നതാണ്. സമന്വയത്തിന്റെയും കൂട്ടായ്മയുടെയും ഏറ്റവും മനോജ്ഞമായ ദൃഷ്ടാന്തങ്ങളായി എപ്പോഴും ആരാധനാലയങ്ങൾ നിലനിന്നുപോകണമെന്നാണ് ഈ ബില്ലിലൂടെ മുഖ്യമായും ഉദ്ദേശിക്കുന്നത്. ഞാൻ ഇതിന്റെ എല്ലാ കാര്യങ്ങളിലേയ്ക്കും പോകുന്നില്ല. ഇവിടെ ശ്രീരാമക്ഷേത്ര ശിലാന്യാസത്തിന് പോയത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയാണ്. മതനിരപേക്ഷ നിലപാടിന് ഏറ്റവും വലിയ കളങ്കം വരുത്തിയിട്ടുള്ള കാര്യമാണ് നമ്മുടെ രാജ്യം കണ്ടിട്ടുള്ളത്. ക്ഷേത്രങ്ങൾ വിശ്വാസികളുടേതായിരിക്കണം, രാഷ്ട്രീയം ആരാധനാലയങ്ങൾക്ക് പുറത്തായിരിക്കണം നടക്കേണ്ടത്, സ്വച്ഛന്ദമായ മനസ്സോടെ ഓരോ മനുഷ്യനും അവരവരുടെ ആരാധനാലയങ്ങളിൽ കടന്നുചെല്ലാനാകണം, അതിനുതകുന്ന അന്തരീക്ഷമുണ്ടാകണം. ഒരു

അനുഭവംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമാണ് പറശ്ശിനിക്കടവ് മടപ്പുര. ജാതിമത ഭേദമില്ലാതെ എല്ലാ വിഭാഗം വിശ്വാസികൾക്കും അവിടെ കടന്നുചെല്ലാം. അവിടെ കോലം ധരിച്ച് ആളുകൾക്ക് നേരിട്ട് ദൈവത്തിനോട് കാര്യങ്ങൾ പറയാം. ദൈവത്തിനുവേണ്ടി പറയുന്ന കോലധാരികൾ പറഞ്ഞിട്ടുള്ള കാര്യംമാത്രം ഞാനിവിടെ സൂചിപ്പിക്കുകയാണ്. പതിനായിരക്കണക്കിന് മനുഷ്യരുടെ മനസംഘർഷങ്ങളും വേദനകളുമാണ് അവിടെ അവതരിപ്പിക്കുന്നത്. പ്രസ്തുത ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(3) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച:</u>

(i) <u>2021-ലെ കേരള അന്ധവിശ്വാസ - അനാചാര നിർമ്മാർജ്ജന ബിൽ</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഞാൻ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട്, ഇതിന്റെ അടിസ്ഥാനപരമായ ആശയങ്ങളെ

സംബന്ധിച്ച് നേരത്തെ സഭയിൽ പ്രതിപാദിച്ചതാണ്. ഇവിടെ തൊട്ടുമുമ്പ് ശ്രീ. ടി. ഐ. മധുസൂദനൻ ഒരു ബിൽ അവതരിപ്പിച്ചു. അതിൽപ്പറയുന്ന തരത്തിലുള്ള മതവർഗ്ഗീയ വാദികളുടെ വിശ്വാസത്തിനെതിരായ, യഥാർത്ഥ ദൈവവിശ്വാസികൾക്കെതിരായ, നിലപാടുകളെ ചെറുക്കാൻ ഈ ബില്ലും സഹായകരമാകുമെന്ന അഭിപ്രായം ഞാൻ വീണ്ടും മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ ബിൽ രണ്ടുതവണ ചർച്ചയ്ക്ക് വന്നപ്പോഴും അഭിപ്രായം രേഖപ്പെടുത്തിയ ആളാണ് ഞാൻ. ഇതിന് പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മോൺസൺ മാവുങ്കൽ വന്നപ്പോൾ അന്ധവിശ്വാസങ്ങൾക്കപ്പുറം ചില വിശ്വാസങ്ങൾകൂടി സമൂഹത്തിലുണ്ടെന്ന് മനസ്സിലായി. അന്ധവിശ്വാസങ്ങൾ എന്നുപറയുന്നത് പലരും പറഞ്ഞുകേട്ട കഥകളാണ്. ഇത് അതല്ല. ആരാധനാലയങ്ങളും വിശ്വാസങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വില്പനയ്ക്ക് വയ്ക്കുന്ന രീതിയിലേയ്ക്ക് ഈ സമൂഹം എത്തിനിൽക്കുന്നു എന്നുള്ളതാണ്. മോശയുടെ വടി എന്നുപറഞ്ഞാൽ അത് സത്യമാണെന്ന് കരുതി ലക്ഷങ്ങൾ കൊടുത്ത് വാങ്ങാൻ ആളുകൾ വരുന്ന കാലഘട്ടത്തിൽ നമ്മളെത്തി. അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ, സാമൂഹ്യപരമായ ദുഷ്ചെയ്തികൾ ഒക്കെ നിറഞ്ഞുനിൽക്കുന്ന സമയത്ത് ഈ

ബില്ലിന് പ്രസക്തി വർദ്ധിച്ചു. മോൺസൺ മാവുങ്കലിന്റെ കാര്യം വന്നപ്പോൾ അങ്ങേയ്ക്ക് അതിൽ കൂടുതൽ ഇടപെടാനും മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ടോ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, തീർച്ചയായും കഴിഞ്ഞിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം അത് ഓർമ്മപ്പെടുത്തിയത് നന്നായി. മോൺസൺ മാവുങ്കലിന്റെ പുരാവസ്തു പറുദീസയിലേയ്ക്ക് മോക്ഷവും മോഹിപ്പിക്കാനുള്ള സൗന്ദര്യവും തേടി പോകുന്നവർക്കെതിരാണ് ഈ ബിൽ കൊണ്ടുണ്ടാവുക എന്ന കാര്യത്തിൽ തർക്കമില്ല. അന്ധവിശ്വാസത്തിന്റെ അടിസ്ഥാനമെന്ന് പറയുന്നത്, വസ്തുനിഷ്ഠവും അടിസ്ഥാനരഹിതവുമായ കാര്യങ്ങൾതന്നെയാണ്. മാനവരാശിയുടെ ഉത്ബുദ്ധതയുടെ നിലവാരത്തിന് നിരക്കാത്തതാണ് ഈ അന്ധവിശ്വാസികളുടെ വിശ്വാസം എന്നുപറയുന്നത്. ഇവിടത്തെ പ്രശ്നം, താനൊരു അന്ധവിശ്വാസിയാണെന്ന് സമ്മതിക്കാൻ ഒരാളും തയ്യാറല്ല. എന്നാൽ അന്യരിൽ അന്ധവിശ്വാസം കണ്ടെത്താൻ ആർക്കും വിഷമവുമില്ല. അതാണ് കേരളത്തിന്റെ പ്രത്യേകത. തന്റേത് വിശ്വാസം, മറ്റുള്ളവരുടെ വിശ്വാസമെല്ലാം അന്ധവിശ്വാസം എന്ന ധാരണയും കേരളത്തിലുണ്ട്. ഇതെല്ലാം നമുക്ക് പരിശോധിക്കേണ്ടതാണ്. പലപ്പോഴും അന്ധവിശ്വാസത്തിനെതിരായ ഈ ചർച്ചകൾ ആരംഭിക്കുമ്പോൾ

മതവിശ്വാസികളെ, നിഷ്കളങ്കരായ ദൈവ വിശ്വാസികളെ, തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഈ ചർച്ചയെ തകർക്കാൻ ശ്രമിക്കാറുണ്ട്. ഞാൻ ഈ ബിൽ അവതരിപ്പിച്ച ദിവസം രാത്രിതന്നെ വിദേശത്തുനിന്നും ഇവിടെനിന്നുമായി നിരവധി ഫോൺകാളുകളാണ് വന്നത്. അതിൽ ഭൂരിപക്ഷവും ക്വട്ടേഷൻ കൊടുത്ത ഫോൺകാളുകളായിരുന്നു. വളരെ സജീവമായി പാവപ്പെട്ട, ദുർബ്ബലരായ, നിഷ്കളങ്കരായ, മതവിശ്വാസികളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഇത് അങ്ങനെയാണ്, ഇങ്ങനെയാണ് വരാൻ പോകുന്നതെന്ന് ഓർമ്മിപ്പിക്കാനാണ് അവർ ശ്രമിച്ചത്. ഇതിന് നേതൃത്വം കൊടുക്കുന്നത് മതവർഗ്ഗീയവാദികളും മതമൗലികവാദികളും മതതീവ്രവാദികളുമാണ്. നമ്മുടെ രാഷ്ട്രീയ സാമ്പത്തിക അധികാരം പിടിക്കുന്നതിനുവേണ്ടി ഇവരെല്ലാം എങ്ങനെയാണോ ഈ വിശ്വാസത്തെ ഉപയോഗപ്പെടുത്തുന്നത് അതുപോലെയാണ് ആൾദൈവങ്ങളും മന്ത്രവാദികളും മതവിശ്വാസികളുടെ നിഷ്കളങ്കതയെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. യഥാർത്ഥത്തിൽ ഇത് വലിയൊരു സാമൂഹ്യ പ്രശ്നമായി ഉയർന്നുവരികയാണ്. മതം എന്ന വാക്കുമായി കൂട്ടിച്ചേർക്കുന്ന എന്തും വിശ്വാസത്തിനെതിരാണെന്ന്

പ്രചരിപ്പിക്കാൻ അവർ ശ്രമിക്കുകയാണ്. മതവുമായി ഒരു ബന്ധവുമില്ലാത്തതാണ് ഈ മതവർഗ്ഗീയത, മതമൗലികവാദം, മതതീവ്രവാദം എന്നൊക്കെ പറയുന്നത്. അതിന് മതവിശ്വാസവുമായി അല്ലെങ്കിൽ ദൈവവിശ്വാസവുമായി യാതൊരു പുലബന്ധവുമില്ല. മതവിശ്വാസത്തിനും ദൈവവിശ്വാസത്തിനും എതിരാണ്. അത്തരത്തിലുള്ള മത വർഗ്ഗീയവാദികളും മൗലികവാദികളും തീവ്രവാദികളുമാണ് ഇന്ന് ഈ അന്ധവിശ്വാസ പ്രചരണ പ്രവർത്തനത്തിന്റെ നേതൃത്വത്തിൽ നിൽക്കുന്നതെന്ന് കാണാൻ കഴിയും. കേരളീയ സമൂഹത്തിൽ പ്രത്യേകിച്ച് നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വളരെ വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ട ഒരു ബില്ലാണ് ഇതെന്ന അഭിപ്രായമാണ് എനിക്കുള്ളത്. മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനം സാധ്യമാകണമെങ്കിൽ ഇത്തരമൊരു ബില്ലിന്റെ സാരാംശം വളരെ വിപുലമായ ചർച്ചയ്ക്ക് കേരള സമൂഹത്തിൽ കൊണ്ടുവരേണ്ടതുണ്ടെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (ii) 2021-ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച സമയത്ത് ഞാൻ സൂചിപ്പിച്ചിരുന്നു. ഇത് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണെന്ന് പറയാൻ കാരണം പല കേസ്സുകളിലും യഥാർത്ഥ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോകുന്നത് സാക്ഷികൾ കൂറുമാറുന്നതിന്റെ അടിസ്ഥാനത്തിലാണ്. സാക്ഷികൾ കൂറുമാറാനുള്ള കാരണം അവർക്ക് അമിതമായ സമ്മർദ്ദം വരുന്നതിലാണ്. സാക്ഷികളുടെ സംരക്ഷണത്തിന് ഒരു നിയമം വേണമെന്ന് ഞാൻ അവതരിപ്പിച്ചപ്പോൾ അന്ന് ഗവൺമെന്റിനുവേണ്ടി മന്ത്രി നൽകിയ മറുപടിയിൽ പറഞ്ഞത്, ഇപ്പോൾ സാക്ഷി സംരക്ഷണ സ്കീം നിലവിലുണ്ടെന്നാണ്. നമ്മുടെ സംസ്ഥാനം ഒരു നിയമം നിർമ്മിക്കുന്നതുവരെയാണ് ഈ സാക്ഷി സംരക്ഷണ സ്കീം നിലവിലുണ്ടാകേണ്ടത്. മഹാരാഷ്ട്ര സർക്കാർ, മഹാരാഷ്ട്ര വിറ്റ്നെസ് പ്രൊട്ടക്ഷൻ ആൻഡ് സെക്യൂരിറ്റി ആക്ട്, 2018 പാസ്സാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ച ഈ സാക്ഷി സംരക്ഷണ സ്കീം

പദ്ധതിയിലെ പല വ്യവസ്ഥകളും പ്രായോഗികം കൂടിയല്ല. അതെല്ലാം നമ്മൾ മനസ്സിലാക്കണം. ഇപ്പോൾ ഈ പദ്ധതിയുള്ളതുകൊണ്ട് ഒരു നിയമം വേണ്ടായെന്നാണ് ഗവൺമെന്റിന്റെ പക്ഷം; അത് തികച്ചും തെറ്റാണ്. ഈ സാക്ഷി സംരക്ഷണ പദ്ധതിയിൽതന്നെ ഒരുപാട് ന്യൂനതകളുണ്ട്. സ്റ്റേറ്റ് ഒരു നിയമം പാസ്സാക്കുന്നതുവരെ ഈ പദ്ധതി മതിയെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. മഹാരാഷ്ട്ര സ്റ്റേറ്റിന് പാസ്സാക്കാമെങ്കിൽ കേരളത്തിന്......., കേരള മോഡൽ എന്നാണല്ലോ നിങ്ങൾ വളരെ അഭിമാനത്തോടെ എപ്പോഴും പറയുന്നത്. എന്നാൽ ഏറ്റവും നല്ല കേരള മോഡലുകളിലൊന്നായി, നമ്മുടെ നാട്ടിലുണ്ടാകുന്ന ക്രിമിനൽ കേസ്സുകളിലെ പ്രതികളെ നിയമത്തിന് മുന്നിൽകൊണ്ടുവന്ന് അവർക്ക് ശിക്ഷ വാങ്ങി കൊടുക്കാൻ കഴിയുന്ന രീതിയിൽ സാക്ഷികളെ സെയ്ഫാക്കാൻ നമുക്ക് കഴിയണ്ടേ; അങ്ങനെയൊരു കേരള മോഡലല്ലേ വേണ്ടത്? ആ രീതിയിൽ ഇതിനെ കാണണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. സാക്ഷികൾ നേരിടുന്ന പ്രശ്നങ്ങൾ ഞാൻ ഇവിടെ പറയേണ്ട ആവശ്യമില്ലല്ലോ; ഏറ്റവും പ്രധാനം അവർക്കും അവരുടെ ബന്ധുക്കൾക്കുനേരെയും വരുന്ന സമ്മർദ്ദങ്ങളും ഭീഷണികളുമാണ്. സർക്കാർ

ഉദ്യോഗസ്ഥനാണ് ഒരു സാക്ഷിയെങ്കിൽ, മേലുദ്യോഗസ്ഥരുടെ പീഡനങ്ങൾ, സമ്മർദ്ദങ്ങൾ, സ്ഥലംമാറ്റ സമ്മർദ്ദങ്ങൾ ഇതെല്ലാം ഇവർ നേരിടേണ്ടതായി വരുന്നതാണ്. ഒരു സാക്ഷി ദൂരസ്ഥലത്തുനിന്ന് യാത്രചെയ്ത് കോടതിയിൽ വരുമ്പോഴാണ് കേസ് മാറ്റിവയ്ക്കുന്നത്. കേസ് മാറ്റിവയ്ക്കാനുള്ള പല നാടകങ്ങളും ബാക്ക് സ്റ്റേജിലുണ്ടാകാറുണ്ട്. അതുകഴിഞ്ഞ് ടിയാൾ സാക്ഷിപറയാൻ കോടതിവരാന്തയിൽ മണിക്കൂറുകളോളം നിൽക്കുന്ന സാഹചര്യം വരുന്നു. മനസ്സ് മടുപ്പിക്കുന്ന നിലയിലേയ്ക്ക് ഇത് മാറിപ്പോകുകയാണ്. കോടതികൾ സാക്ഷി സൗഹൃദമാക്കുന്നതിനുംകൂടി കഴിയുന്ന നിലയിൽ ഈ നിയമത്തിൽ ഒരു പ്രൊവിഷൻ കൊണ്ടുവരാം. ഒരു ബിൽ വന്നുകഴിയുമ്പോൾ അതിൽ വലിയ മാറ്റങ്ങൾ വരും. സാക്ഷി സംരക്ഷണ പദ്ധതി നിലവിലുള്ളതുകൊണ്ട് ഇനിയൊന്നും വേണ്ടായെന്ന നിലയിൽ ഗവൺമെന്റ് പറയരുത്. ഇതുസംബന്ധിച്ച് നിയമ കമ്മീഷന്റെ വിവിധ ശിപാർശകളും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിവിധതരത്തിലുള്ള പരാമർശങ്ങളുമുണ്ടായിട്ടുണ്ട്. ഇതിനകത്തുള്ള പോരായ്മകൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള.........

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുന്ന ബിൽ വളരെ പ്രധാനപ്പെട്ടതാണ്. സാക്ഷി വിസ്താരം ഏറെ സമയമെടുത്ത് മുന്നോട്ടുപോകുന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞ കാര്യം പ്രധാനപ്പെട്ട ഒന്നുതന്നെയാണ്. എന്തായാലും ഈ വിഷയത്തിൽ സഭയിൽ പൊതുവായ അഭിപ്രായ വ്യത്യാസമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ഇതുസംബന്ധിച്ച് നാട്ടിൽ നല്ലൊരു നിയമവ്യവസ്ഥിതിയുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു വിഷയം ഞാൻ മുന്നോട്ടുവച്ചിരിക്കുന്നത്. ടി വിഷയം അതിന്റേതായ ഗൗരവത്തിൽ എടുത്തുകൊണ്ട് ഈ ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബില്ലിന്റെ അവതരണവേളയിൽ കൃത്യമായി എല്ലാ കാര്യങ്ങളും ഞാൻ വിശദീകരിച്ചതാണ്. നമുക്കറിയാം, ഇന്ന് ലോകത്ത് വിവരസാങ്കേതികവിദ്യ വളരെ വലിയ തോതിൽ നമ്മുടെ ജീവിതത്തിന്റെ വിവിധ മേഖലകളിലും കടന്നുവന്ന സന്ദർഭമാണിത്. നമ്മുടെ നാട്ടിലെ പൊതുജനങ്ങൾക്കും സാധാരണക്കാർക്കും അവരുടെ ജീവിതത്തിൽ ഏറെ പ്രയോജനപ്പെടുത്താനും സഹായിക്കാനും കഴിയുന്ന ഒരു വിഭാഗമാണ് അക്ഷയസംരംഭകർ. നമ്മുടെ സംസ്ഥാനത്ത് 3000-ത്തിൽപ്പരം അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള ആളുകളാണ് ഇത് നടത്തുന്നത്. ഇന്ന് സ്ത്രീസമൂഹത്തിന്റെ സുരക്ഷയും അവർക്കുവേണ്ട സൗകര്യങ്ങളെക്കുറിച്ചുമൊക്കെ സംസാരിക്കുമ്പോൾ അതിൽ പറയാവുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ്, ധാരാളം അക്ഷയ കേന്ദ്രങ്ങൾ നടത്തുന്നത് സ്ത്രീ സംരംഭകരാണ്. ഇവർക്ക് വളരെ കുറഞ്ഞ വരുമാനം മാത്രമാണ് ലഭിക്കുന്നത്. ഇതിന് പ്രത്യേകമായ ക്ഷേമനിധി വേണമെന്ന്

പറഞ്ഞപ്പോൾ അന്ന് മന്ത്രി അഭിപ്രായപ്പെട്ടത് പ്രത്യേക ക്ഷേമനിധിയില്ലാത്ത എല്ലാവർക്കുംവേണ്ടിയുള്ള വേറൊരു ക്ഷേമനിധിയുണ്ട്; ഒരു പൊതുക്ഷേമനിധി. അതിൽ ഇവർക്ക് അപേക്ഷ കൊടുക്കാവുന്നതാണ്. അത് പോരായെന്നാണ് എന്റെ അഭിപ്രായം, പ്രത്യേകമായ ഒരു പരിഗണന ലഭിക്കേണ്ട മേഖലയാണിത്. അതിനൊരു സ്പെഷ്യൽ അറ്റൻഷൻ വേണം. ഇവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് കൊടുക്കണം. അതുപോലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും കല്യാണത്തിനുമൊക്കെ പലിശരഹിത വായ്പ നൽകണമെങ്കിൽ ഒരു പ്രത്യേക ക്ഷേമനിധി വന്നാൽമാത്രമേ അത് സാധ്യമാകു. ലോകം ആ രീതിയിലുള്ള വലിയ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് വിവരസാങ്കേതികവിദ്യ എല്ലാ അർത്ഥത്തിലും ലഭ്യമാകുമ്പോൾ രണ്ട് തലമുറകളുടെ പ്രശ്നം വരുന്നുണ്ട്.

ഞാൻ ഇന്നലെ സാന്ദർഭികമായി 'ഹോം' സിനിമ കാണാനിടയായി. അതിൽ ഇന്നത്തെ പുതിയ തലമുറയ്ക്ക് വിവരസാങ്കേതിക വിദ്യയിലുള്ള വിജ്ഞാനംകൊണ്ട് ജീവിതത്തിലുണ്ടാകുന്ന എളുപ്പമാർഗ്ഗങ്ങൾ ഒരു ഭാഗത്തും അതില്ലാത്തതും എന്നാൽ ഈ ലോകത്ത് ജീവിക്കുമ്പോൾ അത് ആവശ്യമുള്ളതുമായ ഒരു പഴയതലമുറ മറുവശത്തും. ആ പഴയതലമുറയുടെ

പ്രതിനിധിയെ ശ്രീ. ഇന്ദ്രൻസ് വളരെ മനോഹരമായി അവതരിപ്പിച്ചിട്ടുണ്ട്. അത്തരമൊരു സമൂഹത്തിന് ഒരു മൊബൈൽ ഫോൺ കയ്യിലുണ്ടെങ്കിൽ ഒരു അക്ഷയ കേന്ദ്രത്തിന്റെയും ആവശ്യം ഇല്ല; എല്ലാവർക്കും എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കും. എന്നാൽ ഇവിടെ രണ്ട് സമൂഹങ്ങളുണ്ട്. നമ്മുടെ കുട്ടികളുടെ ഒരു ടെക്നോളജിയാണിത്. അവർ അത് വളരെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യും. ഈ സിനിമയിലെ കഥാപാത്രത്തിന്റെ രണ്ട് കുട്ടികൾ ഈ രംഗത്ത് വളരെ വലിയ വൈദഗ്ദ്ധ്യം കാണിക്കുകയും എന്നാൽ അയാൾ അത് ആഗ്രഹിച്ച് ഈ രംഗത്തേയ്ക്ക് വരികയും അബദ്ധത്തിൽ അയാളുടെ ഫേസ്ബുക്ക് അറിയാതെ ഓണാക്കിയിടുകയും ചെയ്യും. ഫേസ്ബുക്ക് അറിയാതെ ഓണായിപ്പോയതാണ്. അപ്പോൾ അയാളുടെ മകൻതന്നെ വേറൊരാൾക്കെതിരെ......, സിനിമയുടെ ക്ലൈമാക്സാകും അതുകൊണ്ട് ഞാൻ പറയുന്നില്ല. അബദ്ധങ്ങൾ സംഭവിക്കുമെങ്കിലും ഇത് അറിയാത്തവർക്കും ഈ ലോകത്ത് ജീവിക്കണം. അവർക്ക് സംഭവിക്കുന്ന അബദ്ധങ്ങൾ, അതിന്റെ മാനസിക സംഘർഷങ്ങൾ അതൊക്കെയാണ് ആ സിനിമയിൽ പറയുന്നത്. ഈ കാലഘട്ടത്തിൽ അത് വളരെ പ്രസക്തമാണ്. അത് ഞാൻ സാന്ദർഭികമായി ഇവിടെ സൂചിപ്പിച്ചുവെന്നുമാത്രം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അക്ഷയ കേന്ദ്രങ്ങളിൽ ഇപ്പോൾ തിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വില്ലേജോഫീസിലെ തിരക്കുകൾ മുഴുവൻ അക്ഷയ കേന്ദ്രത്തിലാണ് എത്തിയിരിക്കുന്നത്. രവിപിള്ള ഫൗണ്ടേഷന്റെ അപേക്ഷ കൊടുക്കാൻവേണ്ടിയും 60/- രൂപ ഫീസ് ഈടാക്കി ലക്ഷക്കണക്കിന് അപേക്ഷകർ അക്ഷയ കേന്ദ്രങ്ങളിൽ അപേക്ഷ കൊടുത്തു. ഇപ്പോഴും മറുപടിയൊന്നും കിട്ടിയിട്ടില്ല. വളരെ തിരക്കുള്ള സാഹചര്യത്തിൽ അക്ഷയ കേന്ദ്രങ്ങളിലെ തിരക്കൊഴിവാക്കാൻ, അവർക്ക് ഈ ബില്ലിലൂടെ കുറെ ആനുകൂല്യം ലഭിക്കുമെന്നുള്ളത് സത്യമാണ്. അതോടനുബന്ധിച്ച് അക്ഷയ കേന്ദ്രങ്ങളിൽ കൂടുതലായി എടുക്കേണ്ട പദ്ധതികൾ കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇനിയുള്ള കാലഘട്ടത്തിൽ പുതുതലമുറയ്ക്ക് ഇതെല്ലാം അനായാസം ചെയ്യാൻ കഴിയുമെങ്കിലും..... ഇവിടെ രണ്ടുതരത്തിലുള്ള ജനവിഭാഗമുണ്ട്. പഴയ ആളുകൾക്കും ശാസ്ത്രസാങ്കേതിക പരിജ്ഞാനമില്ലാത്തവർക്കും ഈ സഹായം ലഭ്യമാകണമെങ്കിൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യമാണ്. ഇന്ന് എല്ലാം ഇ-ഗവേണൻസ് ആയതുകൊണ്ട് എല്ലാവരും അക്ഷയ കേന്ദ്രത്തെ ആശ്രയിക്കുകയാണ്. ആ സമയത്ത്

അക്ഷയ കേന്ദ്രങ്ങൾക്ക് നമ്മൾ എല്ലാവിധ സൗകര്യങ്ങളും ചെയ്യേണ്ടതാണ്. പക്ഷെ, ഗവൺമെന്റിന്റെ ഇപ്പോഴുള്ള നിലപാട് ഇവർക്ക് പ്രത്യേക ക്ഷേമനിധി ആവശ്യമില്ലെന്നാണ്. നമ്മൾ ഒരിക്കൽ അങ്ങനെ അഭിപ്രായപ്പെട്ടാലും ഗവൺമെന്റിന്റെ അഭിപ്രായങ്ങളിൽ ചിലപ്പോൾ മാറ്റം വരാറുണ്ട്. ഇന്ന് ഇവിടെ ഒരു സ്വകാര്യ ബിൽ കൊണ്ടുവന്നു. അതിനുമുൻപുതന്നെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി കൊണ്ടുവരാൻ തീരുമാനിച്ചു. അങ്ങനെ ഓരോ മേഖലയിലും കൊണ്ടുവരുന്നുണ്ട്. ഇനി അടുത്ത ബിൽ കൊണ്ടുവരുമ്പോൾ വലിയ പരിഗണന കൊടുക്കേണ്ടത്, അക്ഷയ സംരംഭകർക്കുള്ള ക്ഷേമനിധിക്കാണെന്ന് ഞാൻ ഇവിടെ പ്രത്യേകമായി സൂചിപ്പിച്ചുകൊണ്ട് എന്റെ ചർച്ച അവസാനിപ്പിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഐ.ടി./ഐ.ടി അനുബന്ധമേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ ക്ഷേമത്തിനായി ഒരു ക്ഷേമ പദ്ധതിയുണ്ട്. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സിനുള്ള ക്ഷേമനിധി ബോർഡിനെ ഈ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി

ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഖണ്ഡിക-2(ജി)-യുടെ നിർവ്വചനത്തിൽ ഐ.ടി./ഐ.ടി അനുബന്ധമേഖലയിലെ എല്ലാവിഭാഗം ജീവനക്കാരും സംരംഭകരും ഇതിലുൾപ്പെടും എന്നുണ്ട്. എന്നുമാത്രമല്ല, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലുള്ള അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരെയും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ബില്ലിന് ഒരു പ്രസക്തിയുമില്ല. ചർച്ച ഇവിടെ അവസാനിപ്പിക്കുന്നതായിരിക്കും നല്ലത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

*********